പൊതു വിദ്യാഭ്യാസ വകുപ്പ്

# സർവ ശിക്ഷാ അഭിയാൻ കോഴിക്കോട്

# വാർഷിക മൂല്യനിർണയം 2011–12

**STD:VII** | അടിസ്ഥാന ശാസ്ത്രം | സമയം : 2 മണിക്കൂർ

---

പ്രവർത്തനം 1

മേഖല : വർഗീകരണം

നമുക്ക് പരിചിതമായ ചില സന്ദർഭങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

1. തിളച്ചു കൊണ്ടിരിക്കുന്ന കറിയിലിട്ട ലോഹത്തവി പിടിക്കുമ്പോൾ ചൂടനുഭവപ്പെടുന്നു.
2. കത്തുന്ന ബൾബിന് ചുറ്റും താപം അനുഭവപ്പെടുന്നു.
3. സൂര്യതാപം ഭൂമിയിലെത്തുന്നു.
4. കത്തുന്ന അടുപ്പിൽ വെച്ച ലോഹപ്പാത്രത്തിന് ചൂടനുഭവപ്പെടുന്നു.
5. പുകക്കുഴലിലൂടെ പുക ഉയരത്തിൽ പുറത്തു പോകുന്നു.
6. മെഴുകുതിരി ജ്വാലയ്ക്ക് മുകളിൽ കാണിക്കുന്ന കടലാസുവളയം മുകളിലേയ്ക്കുയരുന്നു.

- സമാന സന്ദർഭങ്ങളെ കൂട്ടങ്ങളാക്കാമോ?
- ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് കൂട്ടങ്ങളാക്കിയത്?
- ഓരോ കൂട്ടങ്ങളുടേയും സവിശേഷതകൾ വ്യക്തമാക്കാമോ?

(15 മിനിറ്റ്)

പ്രവർത്തനം – 2

മേഖല : ആശയവിനിമയം

പോഷക സമൃദ്ധമായ ഏത് നാടൻ ഭക്ഷണമുണ്ടായാലും വറുത്തതും പൊരിച്ചതുമായ ആഹാരത്തോടാണ് കുട്ടികൾക്ക് താൽപര്യം ഈ പ്രവണത നിയന്ത്രിക്കേണ്ടതുണ്ട്. ഇതു മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് മാതൃസംഘം അംഗങ്ങളെ നിങ്ങൾ എങ്ങനെ ബോധവൽക്കരിക്കും? ഏത് ഉപാധി സ്വീകരിക്കും? എന്തെല്ലാം കാര്യങ്ങൾ പറഞ്ഞു കൊടുക്കും?

സമയം : 20 മിനിറ്റ്

പ്രവർത്തനം – 3

മേഖല : അപഗ്രഥിച്ച് നിഗമനത്തിലെത്തിച്ചേരൽ

'പാത്രങ്ങളുടെ ശാസ്ത്രം' എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് ഊ കാലഘട്ടത്തിൽ വീടുകളിലുപയോഗിക്കുന്ന പാത്രങ്ങൾ എന്ന വിഷയത്തെ കുറിച്ച് നടത്തിയ സർവ്വേയിൽ കണ്ടെത്തിയ ചില കാര്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.




സർവ്വേയിലെ കണ്ടെത്തലുകളെ താഴെ കൊടുത്തിരിക്കുന്ന ചർച്ച സൂചകങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ച് നിഗമനങ്ങളിൽ എത്തിചേരൂ.

- മൺപാത്രങ്ങൾക്ക് മേന്മകൾ ഏറെ ഉണ്ടായിട്ടും പിൻതള്ളപ്പെടാനുള്ള കാരണങ്ങൾ എന്തായിരിക്കും?.
- ലോഹ പാത്രങ്ങളുടെ ഉപയോഗം കൂടിവരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്.?
- പ്രഷർകുക്കർ ഉപയോഗിക്കുന്നതു കൊണ്ടുള്ള മേന്മകൾ എന്തെല്ലാം.

സമയം - 20 മിനിറ്റ്.

**പ്രവർത്തനം - 4**
**മേഖല : ചോദ്യം ഉന്നയിക്കൽ**

**കാർഷിക ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പച്ചക്കറിത്തോട്ടം നിർമ്മിക്കാൻ തീരുമാനിച്ചു. മണ്ണിന്റെ സ്വഭാവം, മണ്ണിനനുസരിച്ചുള്ള വിളകൾ, സസ്യവളർച്ചക്ക് അനുയോജ്യമായ മൂലകങ്ങൾ എന്നിവയെ കുറിച്ചറിയാൻ ക്ലബ് അംഗങ്ങളായ നിങ്ങൾ കൃഷി ഓഫീസറുമായി നടത്തുന്ന അഭിമുഖത്തിനുള്ള ചോദ്യമായി തയ്യാറാക്കുക.**

**സമയം - 20 മിനിറ്റ്**

**പ്രവർത്തനം - 5**
**മേഖല : മനോചിത്രം രൂപകല്പന ചെയ്യൽ**

**പൽചക്രങ്ങൾ പ്രയോജനപ്പെടുത്തുക വഴി അധ്വാനഭാരം ലഘൂകരിക്കാനും ചലനവേഗത കൂട്ടാനും കുറയ്ക്കാനും കഴിഞ്ഞുവല്ലോ. മാനവ പുരോഗതിയിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുള്ള പൽചക്രങ്ങൾ ഉപയോഗപ്പെടുത്തി കിണറ്റിൽ നിന്ന് വെള്ളം കോരുന്നതിനുള്ള ഒരു യന്ത്ര സംവിധാനം രൂപ കല്പന ചെയ്യാമോ?**

**സമയം 15 മിനിറ്റ്**

**പ്രവർത്തനം - 6**
**മേഖല - പ്രവചിക്കൽ**

**ശുദ്ധജല സംരക്ഷണത്തിന്റെ ആവശ്യകത മനസിലാക്കിയിട്ടും മനുഷ്യൻ ഇന്നും ജലമലിനീകരണം ഒഴിവാക്കാനോ ജലം സംരക്ഷിക്കാനോ താൽപര്യം കാണിക്കുന്നില്ല. ഈ അവസ്ഥ തുടർന്നാൽ 50 വർഷങ്ങൾക്കുശേഷം ഭൂമിയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകും?**

**സമയം 15 മിനിറ്റ്**

പ്രവർത്തനം- 7

അറിവിന്റെ പ്രയോഗം

സ്കൂൾ ആനിവേഴ്സറിയുടെ പ്രാക്ടീസിന് പോയ ശ്യാം 'ലോഹനാശനം' എന്ന പാഠഭാഗം എടുക്കുന്ന ദിവസം ക്ലാസ്സിൽ ഉണ്ടായിരുന്നില്ല. തന്റെ സുഹൃത്ത് അബുവിനോട് ഇകാര്യത്തെക്കുറിച്ച് ചോദിച്ച് മനസ്സിലാക്കുകയാണ്.

ശ്യാം ചോദിച്ച ചോദ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- എന്താണ് ലോഹനാശനം?
- ലോഹനാശനം തടയുവാനുള്ള വിവിധ രീതികൾ ഏതെല്ലാം?
- വൈദ്യുത ലേപനം എങ്ങിനെയാണ് നടത്തുന്നത്?

ശ്യാമിന്റെ സംശയങ്ങൾ ദൂരീകരിക്കൂ.

സമയം 15 മിനിറ്റ്